# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3825 20/10/2016-ൽ മറുപടിയ്ക്ക്**

**<u>മത്സ്യകൃഷി പദ്ധതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ രണ്ടായിരത്തോളം കുളങ്ങൾ സ്വകാര്യ/പൊതുവിഭാഗങ്ങളിലായി ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. ഫിഷറീസ് വകുപ്പ് സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ മത്സ്യകൃഷിക്ക് അനുയോജ്യമായ 848.72 ഏക്കർ (339.48 ഹെക്ടർ) ശുദ്ധ ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്തുവരുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായ ശുദ്ധ ജലാശയങ്ങൾ (കുളങ്ങൾ) അവശേഷിക്കുന്നവ പരിശോധിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഈക്കാര്യത്തെക്കുറിച്ച് സമഗ്രമായി പഠിക്കാനും മത്സ്യകൃഷി പദ്ധതി തയ്യാറാക്കാനും ഒരു വിദഗ്ധസമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ഫിഷറീസ് പോളിസി 2016 തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| സി) നിലവിൽ ഇത്തരം പദ്ധതികൾക്ക് സഹായമായി എന്തൊക്കെ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കുമോ? | സി) മത്സ്യസമൃദ്ധി II പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര/സംസ്ഥാന/ആർ.കെ.വി.വൈ ഫണ്ട് വിഹിതം വിനിയോഗിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന 4 പദ്ധതികളുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.<br>1. ഉൾനാടൻ മത്സ്യകൃഷി വികസനം.<br>(എ) പുതിയ കുളങ്ങളുടെ നിർമ്മാണം<br>(ബി) മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം.<br>2. ഓരു ജലത്തിലെ കൂട്ട കൃഷി<br>3. സമുദ്രജലത്തിലെ കൂട്ടകൃഷി<br>4. നൂതന മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനം. |

**സെക്ഷൻ ആഫീസർ**